ഡേവിസ് വളർക്കാവ് എഴുതുന്ന പംക്തി

# പരിസ്ഥിതിയും സംസ്കാരവും

**ഒന്ന്**

കേരളത്തിലെ പരിസ്ഥിതി പ്രസ്ഥാനങ്ങൾ മൂന്ന് ദശകങ്ങളായി സജീവമാണെങ്കിലും ബാലാരിഷ്ഠതകൾ പിന്നിട്ടിട്ടില്ല. ആയതിനാൽ സ്വന്തം കാലിൽ നിൽക്കാനുള്ള ശേഷിക്കുവേണ്ടിയുള്ള ശ്രമങ്ങൾ അനിവാര്യമാണ്. ആയതിന് പ്രകൃതിയുടെ സുസ്ഥിതി, പ്രകൃതി-മനുഷ്യ സൗഹൃദം ഇത്യാദി ഉൾക്കാഴ്ചകൾ വ്യാപകമായി പ്രചരിപ്പിക്കേണ്ടതുണ്ട്.

**രണ്ട്**

എക്കാലത്തേയും പോലെ കവികൾ കേരളത്തിലും മുൻപേ പറക്കുന്ന പക്ഷികളായി നമ്മോടൊപ്പമുണ്ട്. എങ്കിലും കുറേക്കൂടി വൈവിദ്ധ്യമുള്ള വിഭാഗങ്ങൾ പ്രകൃതിക്കുവേണ്ടി വാദിക്കാൻ ചിന്താ മണ്ഡലത്തിൽ ആവശ്യമുണ്ട്. സുഗതകുമാരിയും ഒ.എൻ.വിയും അയ്യപ്പപ്പണിക്കരും വിഷ്ണുനാരായണൻ നമ്പൂതിരിയും എൻ.വി. കൃഷ്ണവാര്യരും സജീവമായിരുന്ന ഒരു മണ്ഡലം കൂടിയാണ് ഹരിതദർശന രചനാരംഗമെന്ന് കാണാം.

**മൂന്ന്**

പരിസ്ഥിതിയിൽ മനുഷ്യരുടെ ഇടം, മനുഷ്യരാശിയുടെ നിലനിൽപ്പ്, വൈദിക സാഹിത്യ പ്രകൃതി ദർശനം, ശാസ്ത്രീയമായ നിരീക്ഷണങ്ങൾ ഇങ്ങനെ പലവിധ പഠനങ്ങൾ സമൃദ്ധമായുണ്ട്. എം.പി. പരമേശ്വരൻ, ഡോ. എം.കെ. പ്രസാദ്, ഡോ. സതീശ് ചന്ദ്രൻ നായർ തുടങ്ങിയവർ ഈ രംഗത്തെ എടുത്തുപറയേണ്ടവരാണ്.

**നാല്**

പരിസ്ഥിതി വിചാരം മലയാള കവിതയിൽ, പരിസ്ഥിതി കവിതയ്ക്ക് ഒരാമുഖം, കഥയും പരിസ്ഥിതിയും, ഹരിത നിരൂപണം മലയാളത്തിൽ, പരിസ്ഥിതി സൗന്ദര്യ ശാസ്ത്രം ഒരു മുഖവുര, ഹരിതദർശനം ആധുനികാനന്തര കവിതയിൽ, പരിസ്ഥിതി ദർശനം മലയാളകവിതയിൽ, പരിസ്ഥിതി പഠനങ്ങൾ, മലയാള കവിതയും പരിസ്ഥിതിയും, ഹരിത ഭാഷാവിചാരം എന്നിവ ഈ രംഗത്തെ ശ്രദ്ധേയമായ രചനകളാണ്. സമീപകാലത്ത് മലയാളത്തിലിറങ്ങിയ പരിസ്ഥിതിയും സോഷ്യലിസവും, ഇക്കോളജി രാഷ്ട്രീയം തന്നെ എന്നീ ഗ്രന്ഥങ്ങളും ഇക്കൂട്ടത്തിൽ ചേർത്തുവയ്ക്കാവുന്നതാണ്. ഇത്തരം ധാരാളം ഗ്രന്ഥങ്ങൾ മലയാളത്തിൽ നമുക്കുള്ളത് ഒരനുഗ്രഹമാണ്.

എന്നാൽ സംസ്കാരിക കേരളം ശ്രദ്ധിക്കാതിരിക്കുന്ന ഒന്നാണ് 'പരിസ്ഥിതിയും സംസ്കാരവും' എന്ന കാഴ്ച്ചപ്പാട്. പരിസ്ഥിതിയും രാഷ്ട്രീയവും, പരിസ്ഥിതിയും വികസനവും പരിസ്ഥിതിയും മലിനീകരണവും പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും, പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത ഇങ്ങനെ ധാരാളം ഗ്രന്ഥങ്ങൾ ഉള്ളതായി കാണാം. എന്നാൽ മേൽ സൂചിപ്പിച്ച പരിസ്ഥിതിയും സംസ്കാരവും എന്ന ഒരു ഗ്രന്ഥം മലയാളത്തിൽ ഇല്ല എന്നത് കാണാതിരുന്നുകൂടാ. ഈ ലേഖകൻ തന്നെ 20 വർഷം മുമ്പ് എഴുതിയ ഒരു ലേഖനമാണ് ആകെയുള്ളത്. നമ്മുടെ ജീവിത്തെ, സംസ്കാരത്തെ പ്രകൃതി-പരിസ്ഥിതിയുമായി ബന്ധിപ്പിക്കാതെ, പൊക്കിൾക്കൊടിബന്ധമില്ലാത്ത സ്ഥിതിവിവര കണക്കുകൾകൊണ്ട് പരിസ്ഥിതി പ്രസ്ഥാനങ്ങൾക്ക് എത്രമാത്രം മുന്നോട്ട് പോകാൻ കഴിയും എന്നത് കണ്ടറിയേണ്ടതാണ്.

പ്രശ്നാധിഷ്ഠിത-വിഷയാധിഷ്ഠിത പ്രതികരണങ്ങൾ ധാരാളം പരിസ്ഥിതി രംഗത്ത് നടക്കുന്നുണ്ട്. ആയതിന് ദിശാബോധം നൽകാൻ, പാർട്ടി രാഷ്ട്രീയമായി പരിവർത്തനപ്പെടുത്താൻ, മതപരമാക്കിമാറ്റാൻ കഠിന ശ്രമങ്ങൾ ബോധപൂർവ്വം നടക്കുന്നുണ്ട്. അതിനുമപ്പുറം സാംസ്കാരികമാക്കുന്നതിനും ജീവിതഗന്ധിയാക്കുന്നതിനുമുള്ള ശ്രമങ്ങൾ കാണുന്നില്ല. കൃഷിമലയാളം എഴുതിയ സി.കെ. സുജിത്കുമാറോ, വി.ടി. ഭട്ടതിരിപ്പാടിന്റെ പാതയിലെ സ്വാമി ഹരിഗിരിയോ സ്വാമി ആത്മാനന്ദ തീർത്ഥയോ ഇക്കാര്യത്തിൽ ശ്രദ്ധിച്ചിരുന്നെങ്കിൽ എന്നാശിക്കുന്നു. സംസ്കാരത്തിന്റെ, പൈതൃകത്തിന്റെ ആഴങ്ങളും അടരുകളും അടയാളപ്പെടുത്തുന്ന രചനാസംരംഭം! അതിന് ചെലുത്താവുന്ന സ്വാധീനങ്ങളുടെ വിലയറിയാത്തവരായോ നമ്മുടെ പരിസ്ഥിതി പ്രവർത്തകർ? കൃതഹസ്തരായവരെ മാതൃഭാഷ കാത്തിരിക്കുന്നു.

*– 9895148998*

## കേരളീയം പ്ലാച്ചിമട ഫെലോഷിപ്പ് നീതു ദാസിന്

കൊക്കക്കോള കമ്പനിക്കെതിരെ പതിമൂന്ന് വർഷമായി തുടരുന്ന പ്ലാച്ചിമട സമരത്തെക്കുറിച്ച് പഠനം നടത്തുന്നതിനായി കേരളീയം മാസിക ഏർപ്പെടുത്തിയ ഫെലോഷിപ്പിന് നീതു ദാസ് അർഹയായി. **'കോർപ്പറേറ്റ് അതിക്രമവും ജനാധികാര പ്രയോഗവും പ്ലാച്ചിമടയിൽ'** എന്ന വിഷയത്തിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പഠനം നടത്തുന്നതിനാണ് നീതു ദാസിന് ഫെലോഷിപ്പ് ലഭ്യമായിരിക്കുന്നത്. പ്രതിമാസം 10,000 രൂപ ഫെലോഷിപ്പ് തുകയായി ലഭിക്കും. ഗവേഷണ വിഷയത്തെക്കുറിച്ച് എഴുതി തയ്യാറാക്കിയ സങ്കൽപ്പത്തിന്റെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് നീതുവിനെ ഫെലോഷിപ്പിനായി തെരഞ്ഞെടുത്തത്. കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും ജേർണലിസത്തിൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയ നീതു ദാസ് നിലവിൽ ഫ്രീലാൻസ് ജേർണലിസ്റ്റായി പ്രവർത്തിക്കുകയാണ്. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആന്റ് ഇക്കോളജിക്കൽ സ്റ്റഡീസ് ആണ് ഗവേഷണത്തിനുള്ള സാമ്പത്തികവും ധൈഷണികവുമായ പിന്തുണ നൽകുന്നത്.